കോഴിക്കോട് നഗരത്തിലെ അഴുക്കുചാലുകളിലുള്ള ചളിയും ചപ്പുചവറുകളും മാറ്റണമെന്ന ആവശ്യം

147 (3024) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ അഴുക്കു ചാലുകളിൽ ചളിയും ചപ്പുചവറുകളും കെട്ടിക്കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ അഴുക്കുചാലുകളിലെ തടസ്സങ്ങൾ നീക്കി വെള്ളം ഒഴുകി പോകുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ അഴുക്കുചാലുകളിലെ മാലിന്യ ജലവും ചപ്പു ചവറുകളും, ചെളിയും മാറ്റി വൃത്തിയാക്കുകയും നീരൊഴുക്ക് സുഗമമാക്കുകയും ചെയ്യേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതാണ്.

(ബി) കോഴിക്കോട് നഗരത്തിലൂടെ കടന്നു പോകുന്ന ദേശീയപാത 17 ന്റെയും പ്രധാന റോഡായ കോഴിക്കോട് മാവൂർ റോഡിലെയും അഴുക്കു ചാലുകളിലെ മണ്ണും മാലിന്യങ്ങളും മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റോഡ്സ് വിഭാഗത്തിന്റെ വൃത്തിയാക്കൽ പരിപാടി നടപ്പാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്.

വയനാട് ജില്ലാ പഞ്ചായത്തിന് പൊതുമരാമത്ത് വകുപ്പ് കൈമാറിയ റോഡുകൾ

148 (3025) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലാ പഞ്ചായത്തിന് ഏതൊക്കെ പി.ഡബ്ലിയു.ഡി. റോഡുകളാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ടെണ്ടർ ചെയ്തു നിർമ്മാണം ആരംഭിച്ച എത്ര റോഡുകൾ കൈമാറിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(സി) ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക പരിമിതി കാരണം പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ലെങ്കിൽ ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടാൽ പ്രസ്തുത റോഡുകൾ വീണ്ടും പി. ഡബ്ലിയു. ഡി. ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം എ ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം ബി ആയി ചേർത്തിരിക്കുന്നു.*

(സി) ഈ കാര്യത്തിൽ പൊതുവായ ഒരു തീരുമാനം എടുത്തിട്ടില്ല.

ഏറ്റുമാനൂർ-കല്ലറ-വെച്ചൂർ റോഡിന്റെ ശോചനീയാവസ്ഥ

149 (3026) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ- കല്ലറ- വെച്ചൂർ റോഡ് യാത്രായോഗ്യമല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ ജോലികൾക്കുള്ള ടെൻഡർ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കരാറുകാരൻ റോഡിന്റെ ജോലി പൂർത്തിയാക്കിയിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലുള്ള കരാറുകാരനെ നീക്കി പുതിയ ടെൻഡർ വിളിക്കുന്നതിന് നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഏറ്റുമാനൂർ-വെച്ചൂർ റോഡ് നബാർഡിന്റെ ആർ. ഐ. ഡി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

(ജി) നബാർഡിൽ നിന്നും ഈ റോഡിന്റെ നിർമ്മാണത്തിന് എന്തെങ്കിലും തുക അനുവദിച്ചു കിട്ടിയിട്ടുണ്ടോ ;

(എച്ച്) ഏറ്റുമാനൂർ- കല്ലറ- വെച്ചൂർ റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി റോഡ് എപ്പോൾ ഗതാഗതയോഗ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ & എഫ്) പ്രസ്തുത റോഡ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly